"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ് - Jal Jeevan Mission (JJM) WSS to Malayatoor - Neeleswaram & Ayyampuzha Panchayaths - Laying 350mm and 200mm DI K9 pipe in Kadappara to Manappattuchira Sebiyoor road and Sebiyoor to Mundangamattom road - Pipeline Work - പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ - ബി) വകുപ്പ്**

G.O.(Ms) No.18/2026/WRD തീയതി,തിരുവനന്തപുരം, 22-02-2026

---

പരാമർശം:-
1. സ.ഉ (പി) നം. 16/2017/ധന തീയതി 06.02.2017
2. ജി.ഒ (ആർ.റ്റി) നം. 897/2023/ഡബ്ല്യൂ.ആർ.ഡി തീയതി 26.10.2023.
3. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 10.02.2025 തീയതിയിലെ KWA-JB/9627/2024-AE-11 നമ്പർ കത്ത്.

**ഉത്തരവ്**

Jal Jeevan Mission (JJM) WSS to Malayatoor - Neeleswaram & Ayyampuzha Panchayaths - Laying 350mm and 200mm DI K9 pipe in Kadappara to Manappattuchira Sebiyoor road and Sebiyoor to Mundangamattom road - Pipeline Work എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട പദ്ധതിയ്ക്ക് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി. പ്രസ്തുത പ്രവൃത്തിക്ക് 10.11.2023 ന് കേരള വാട്ടർ അതോറിറ്റി സാങ്കേതിക അനുമതിയും നൽകി.

2) പങ്കാളിത്തക്കുറവ് കാരണം ആദ്യ ദർഘാസ് റദ്ദാക്കി. പിന്നീട് പലതവണ പ്രവൃത്തി ടെൻഡർ ചെയ്തു. 14.02.2024 ന് അവസാന തീയതിയും 15.02.2024 ന് തുറക്കലും ഉള്ള ഇ-ദർഘാസിന് TPAC യെക്കാൾ 39.65% (39.28% ആയി നെഗോഷ്യേറ്റ് ചെയ്തു) ഉയർന്ന ഒറ്റ ബിഡ് ലഭിച്ചു. എന്നാൽ അത് പിന്നീട് റദ്ദാക്കി. തുടർന്ന് കേരള വാട്ടർ അതോറിറ്റി പ്രവൃത്തിയുടെ പ്രോജക്ട് എസ്റ്റിമേറ്റ് പുതുക്കുകയും, പുതിയ സാങ്കേതിക അനുമതി നൽകുകയും ചെയ്തു. തുടർന്നുള്ള ദർഘാസിലും ആരും പങ്കെടുക്കാത്തതിനാൽ റദ്ദാക്കി. 18.09.2024 തീയതിയായുള്ള പുന:ദർഘാസിന് (08.10.2024, 22.10.2024, 02.11.2024, 19.11.2024 എന്നീ തീയതികളിൽ നീട്ടി) മറുപടിയായി ശ്രീ. കെ.ജെ.മണി, കൂവേലിക്കലപ്പുരയ്ക്കൽ വീട്, വാഴക്കുളം പി.ഒ. മൂവാറ്റുപുഴ, എറണാകുളം - 686670-ൽ (Sri. K.J.Mani, Koovelikalapurackal house, Vazhakulam P.O. Muvattupuzha, Ernakulam- 686670) നിന്നും ഒരു ഓഫർ ലഭിച്ചു. അദ്ദേഹം ക്വാട്ട് ചെയ്ത തുകയായ 3,15,74,268.18/- രൂപ TPAC -യെക്കാൾ 38.96% അധികരിച്ചതായിരുന്നു.

3) ഉയർന്ന ക്വാട്ട് തുക കുറയ്ക്കാൻ കേരള വാട്ടർ അതോറിറ്റി സൂപ്രണ്ടിംഗ് എഞ്ചിനീയർ ബിഡ്ഡറോട് ആവശ്യപ്പെട്ടെങ്കിലും വിസമ്മതിച്ചു. നിലവിലുള്ള ജോലികൾക്കുള്ള ചെലവ് വർദ്ധനവും പ്രവൃത്തിയുടെ തുക ലഭിക്കുന്നതിലുള്ള കാലതാമസവും സംബന്ധിച്ച് കരാറുകാരൻ ആശങ്ക അറിയിച്ചെന്നും, അത് ന്യായമാണെന്നും മധ്യമേഖല ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി റിപ്പോർട്ട് ചെയ്തു. ഈ പ്രവൃത്തി നൽകേണ്ടതിന്റെ അടിയന്തര സാഹചര്യം കണക്കിലെടുക്കുമ്പോൾ,

ബദൽ ബിഡുകൾ ആകർഷിക്കുന്നതിനായി ആവർത്തിച്ചുള്ള ദർഘാസ് അല്ലെങ്കിൽ റീകാസ്റ്റ് ചെയ്യുന്നത് മികച്ച ഫലങ്ങൾ നൽകാൻ സാധ്യതയില്ലെന്നും അത് പദ്ധതി പുരോഗതി വൈകിപ്പിക്കുമെന്നും ആയതിനാൽ ശ്രീ. കെ. ജെ. മണി സമർപ്പിച്ച ക്വാട്ട് തുക ₹ 3,15,74,268.18/- ന് അംഗീകരിക്കാൻ ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്തു.

4) മേൽപ്പറഞ്ഞ വസ്തുതകളും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിന്റെ പ്രാധാന്യവും കണക്കിലെടുത്ത്, പദ്ധതി ഏക ബിഡ്ഡറായ ശ്രീ. കെ. ജെ. മണി-യ്ക്ക് അദ്ദേഹം ക്വാട്ട് ചെയ്ത TPAC-യെക്കാൾ 38.96% അധികരിച്ച തുകയായ ₹ 3,15,74,268.18/- രൂപയ്ക്ക് അനുവദിക്കാൻ പരാമർശം (3) പ്രകാരം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

5) അനവധി പ്രാവശ്യം ദർഘാസ് ചെയ്യുകയും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് വീണ്ടും അനവധി തവണ ദർഘാസ് ചെയ്ത പ്രവൃത്തിയാണിത്. കൂടാതെ നിർമ്മാണത്തിലുള്ള പ്ലാന്റിൽ നിന്നുള്ള ജലം ജനങ്ങൾക്ക് നൽകാൻ കഴിയാതെയും വരും. സ്ഥലത്തിന്റെ ദുർഘടസ്വഭാവവും അതോടൊപ്പം ഇതിൽ ഉപയോഗിക്കുന്ന പൈപ്പിന്റെ സർക്കാർ എസ്റ്റിമേറ്റും യഥാർത്ഥ മാർക്കറ്റ് റേറ്റുമായുള്ള വ്യത്യാസവും പ്രവൃത്തി സ്വീകരിക്കാൻ കോൺട്രാക്ടർമാർക്ക് വിമുഖത സൃഷ്ടിക്കുന്നുണ്ട്. ഈ കേസിലെ മറ്റൊരു പ്രധാനകാര്യം യഥാർത്ഥ മാർക്കറ്റ് റേറ്റിനേക്കാൾ ടോളറൻസ് ലിമിറ്റ് കൂടി നിൽക്കുന്നു .എന്നതാണ് കൂടാതെ ക്വാട്ടും, ടോളറൻസ് ലിമിറ്റുമായി ഏകദേശം 60 ലക്ഷം രൂപയുടെ വ്യത്യാസമേ വരുന്നുള്ളുവെന്നും ഇനിയും ദർഘാസ് ചെയ്യുന്നത് ചെലവ് വർദ്ധിപ്പിക്കുകയുള്ളു എന്നും സർക്കാർ നിരീക്ഷിക്കുകയുണ്ടായി.

6) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. അനവധി പ്രാവശ്യം ദർഘാസ് ചെയ്യുകയും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് വീണ്ടും അനവധി തവണ ദർഘാസ് ചെയ്യുകയും ചെയ്ത പ്രവൃത്തിയാണിത്. കൂടാതെ നിർമ്മാണത്തിലുള്ള പ്ലാന്റിൽ നിന്നുള്ള ജലം ജനങ്ങൾക്ക് നൽകാൻ കഴിയാതെയും വരും. സ്ഥലത്തിന്റെ ദുർഘടസ്വഭാവവും അതോടൊപ്പം ഇതിൽ ഉപയോഗിക്കുന്ന പൈപ്പിന്റെ സർക്കാർ എസ്റ്റിമേറ്റും യഥാർത്ഥ മാർക്കറ്റ് റേറ്റുമായുള്ള വ്യത്യാസവും പ്രവൃത്തി സ്വീകരിക്കാൻ കോൺട്രാക്ടർമാർക്ക് വിമുഖത സൃഷ്ടിക്കുന്നുണ്ട്. ഈ പ്രവൃത്തിയിലെ മറ്റൊരു പ്രധാനകാര്യം യഥാർത്ഥ മാർക്കറ്റ് റേറ്റിനേക്കാൾ ടോളറൻസ് ലിമിറ്റ് കൂടി നിൽക്കുന്നു എന്നതിൽ നിന്നും പ്രൈസ് സംവിധാനത്തിലെ സർക്കാർ എസ്റ്റിമേറ്റുകളുടെ അപ്രായോഗികത വ്യക്തമാക്കുന്നു. കൂടാതെ ക്വാട്ടും, ടോളറൻസ് ലിമിറ്റുമായി ഏകദേശം 60 ലക്ഷം രൂപയുടെ വ്യത്യാസമേ വരുന്നുള്ളു. ഇനിയും ടെണ്ടർ ചെയ്യുന്നത് ചെലവ് വർദ്ധിപ്പിക്കുയുള്ളു എന്നും സർക്കാർ നിരീക്ഷിക്കുകയുണ്ടായി.

7) പ്രസ്തുത സാഹചര്യത്തിൽ Jal Jeevan Mission (JJM) - WSS to Malayatoor - Neeleswaram & Ayyampuzha Panchayaths - Laying 350mm and 200mm DI K9 pipe in Kadappara to Manappattuchira Sebiyoor road and Sebiyoor to Mundangamattom road - Pipeline Work എന്ന പ്രവൃത്തി ഏക ബിഡ്ഡറായ ശ്രീ. കെ.ജെ.മണി, കൂവേലിക്കലപ്പുരയ്ക്കൽ വീട്, വാഴക്കുളം പി.ഒ., മൂവാറ്റുപുഴ, എറണാകുളം - 686670 (Sri. K.J.Mani, Koovelikalapurackal House, Vazhakulam P.O. Muvattupuzha, Ernakulam- 686670) ക്വാട്ട് ചെയ്ത TPAC-യെക്കാൾ 38.96% അധികരിച്ച തുകയായ ₹ 3,15,74,268.18/- രൂപയ്ക്ക്, കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കാത്തപക്ഷം സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്ന് ചെലവ് വഹിക്കാം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി നൽകുന്നതിനുള്ള അനുമതി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BISHWANATH SINHA
ADDITIONAL CHIEF SECRETARY

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.

3. പൊതുഭരണ (എസ്.സി) വകുപ്പ് ( 20.02.2026-ലെ 3718 ഇനം. പ്രകാരം)
4. ധനകാര്യ വകുപ്പ് (ഫയൽ നം.3080316- പി.യു-സി1/65/2025-ഫിൻ)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Hemalatha Das
സെക്ഷൻ ഓഫീസർ
Date: 24-02-2026 14:46:00

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-02-2026

ഫയൽ നം. ഡബ്ല്യൂ.എസ്.-ബി3/56/2025/ജവിവ. ഇനം നം: 3718

വിഷയം : ജലവിഭവ വകുപ്പ് - കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച Jal Jeevan Mission (JJM) - WSS to Malayatoor - Neeleswaram & Ayyampuzha Panchayaths - Laying 350mm and 200mm DI K9 pipe in Kadappara to Manappattuchira Sebiyoor road and Sebiyoor to Mundangamattom road - Pipeline Work എന്ന പ്രവൃത്തി സിംഗിൾ ബിഡ്ഡർ ആയ ശ്രീ.കെ.ജെ.മണി-യ്ക്ക് അവർ ക്വാട്ട് ചെയ്ത തുകയായ TPAC-യെക്കാൾ 38.96% ഉയർന്ന തുകയായ 3,15,74,268.18/- രൂപയ്ക്ക് അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

21/2/26
S.S

3718

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡബ്ല്യു.എസ്-ബി3/56/2025-ജവിവ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച Jal Jeevan Mission (JJM) WSS to Malayatoor - Neeleswaram & Ayyampuzha Panchayaths - Laying 350mm and 200mm DI K9 pipe in Kadappara to Manappattuchira Sebiyoor road and Sebiyoor to Mundangamattom road - Pipeline Work എന്ന പ്രവർത്തി സിംഗിൾ ബിഡ്ഡർ ആയ ശ്രീ.കെ.ജെ മണി-യ്ക്ക് അവർ ക്വാട്ട് ചെയ്ത തുകയായ TPAC-യെക്കാൾ 38.96% ഉയർന്ന തുകയായ 3,15,74,268.18/- രൂപയ്ക്ക് അനുവദിക്കുന്നത്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 14.05.2025. |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത യുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ള താണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ | : | ഇല്ല. |

| | | | |
|---|---|---|---|
| | അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | |
| 7. | കുറിപ്പ സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.സജികുമാർ.ജെ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.02.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17.02.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 18.02.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 18.02.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച Jal Jeevan Mission (JJM) WSS to Malayatoor - Neeleswaram & Ayyampuzha Panchayaths - Laying 350mm and 200mm DI K9 pipe in Kadappara to Manappattuchira Sebiyoor road and Sebiyoor to Mundangamattom road - Pipeline Work എന്ന പ്രവർത്തി സിംഗിൾ ബിഡ്ഡർ ആയ ശ്രീ.കെ.ജെ മണി-യ്ക്ക് അവർ ക്വാട്ട് ചെയ്ത TPAC-യെക്കാൾ 38.96% ഉയർന്ന തുകയായ 3,15,74,268.18/- രൂപയ്ക്ക് അനുവദിക്കുന്ന വിഷയമാണ് കുറിപ്പിൽ പരിശോധിക്കുന്നത്.

2) മലയാറ്റൂർ - നീലേശ്വരം പഞ്ചായത്തിനായുള്ള പദ്ധതി 1972 ൽ ആരംഭിച്ച് 2009 വരെ നീട്ടുകയും, ജൽ ജീവൻ മിഷന്റെ കീഴിൽ പ്രവർത്തനം തുടരുകയും ചെയ്യുന്നു. മലയാറ്റൂർ - നീലേശ്വരം, അയ്യമ്പുഴ പഞ്ചായത്തുകളിലെ 4662 വീടുകൾക്ക് പ്രവർത്തനക്ഷമമായ ഗാർഹിക ടാപ്പ് കണക്ഷനുകൾ നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. 23.02.2022 തീയതിയിലെ GO(Rt)1340/2022/WRD നമ്പർ ഉത്തരവ് പ്രകാരം ₹3834 ലക്ഷം (മലയാറ്റൂർ - നീലേശ്വരം പഞ്ചായത്ത് ₹2339.84 ലക്ഷം, അയ്യമ്പുഴ പഞ്ചായത്ത് ₹1494.16 ലക്ഷം) രൂപയ്ക്ക് ഭരണാനുമതി നൽകി.

3) ഇല്ലിത്തോട് കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിച്ച 8 എംഎൽഡി ട്രീറ്റ്മെന്റ് പ്ലാന്റ് ഭാഗികമായി കമ്മീഷൻ ചെയ്തു . എല്ലാ പ്രധാന വിതരണ ലൈനുകളും മാറ്റിസ്ഥാപിക്കാനാണ് ഇത് ഉദ്ദേശിച്ചിരുന്നത്. എന്നിരുന്നാലും, ഫണ്ടുകളുടെ അപര്യാപ്തത കാരണം, 1246 മീറ്ററിന് 350 എംഎം ഡിഐ പൈപ്പ് ലൈൻ, 2093 മീറ്ററിന് 200 എംഎം ഡിഐ കെ9 പൈപ്പ്, 2000 മീറ്ററിന് റൈഡർ ലൈൻ 90 എംഎം പിവിസി, കടപ്പാറ മുതൽ മണപ്പാട്ടുചിറ - സെബിയൂർ റോഡ്, സെബിയൂർ-മുണ്ടങ്ങമറ്റം റോഡ് വരെയുള്ള പ്രദേശങ്ങളിലെ, പുന:സ്ഥാപന വർക്ക് ഉൾപ്പെടെ ഇന്റർകണക്ഷൻ ജോലികൾ എന്നിവ സ്ഥാപിക്കേണ്ടത് ആവശ്യമാണ്. ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിക്കും തുടർന്ന് അംഗീകാരത്തിനായി സംസ്ഥാന പ്ലാനിലേക്കും സമർപ്പിച്ചു. എന്നാൽ അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ, ജൽ ജീവൻ

മിഷനിൽ ഈ ജോലി ഉൾപ്പെടുത്തുന്നതിന് ₹ 317.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

4) വ്യത്യസ്ത വലിപ്പത്തിലുള്ള (350 mm, 200 mm) DI K9 പൈപ്പുകൾ ഉപയോഗിച്ച് ഒരു ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ, 90 mm PVC പൈപ്പുകൾ, MS പൈപ്പുകൾക്കുള്ള വ്യവസ്ഥകൾ, വാൽവ് ചേമ്പറുകൾ, വാട്ടർ കണക്ഷനുകൾ മാറ്റൽ, പൈപ്പ് ലൈനുകളുടെ പരസ്പര കണക്ഷൻ, റോഡ് പുനഃസ്ഥാപനം എന്നിവ ഈ പ്രോജക്റ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുന്നു. മലയാറ്റൂർ-നീലേശ്വരം പഞ്ചായത്തിലെ 4662 വീടുകളിലേക്കുള്ള ടാപ്പ് കണക്ഷനുകൾ പൂർത്തീകരിക്കുന്നതിന്, ജൽ ജീവൻ മിഷന്റെ കീഴിൽ മറ്റ് അനുബന്ധ ജോലികൾ ഇതിനകം പൂർത്തിയാക്കിയതിനാൽ, പദ്ധതിയുടെ വിജയത്തിന് ഈ ജോലി നിർണായകമായി കണക്കാക്കപ്പെടുന്നു.

5) മലയാറ്റൂർ-നീലേശ്വരം, അയ്യമ്പുഴ പഞ്ചായത്തുകൾക്കുള്ള ജലവിതരണ പദ്ധതി ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി 26.10.2023 തീയതിയിലെ G.O.(Rt) No.897/2023/WRD പ്രകാരം ₹317 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. 10.11.2023 ന് ₹317.00 ലക്ഷം രൂപയ്ക്ക് സാങ്കേതിക അനുമതിയും നൽകി. പങ്കാളിത്തക്കുറവ് കാരണം പ്രാരംഭ ടെൻഡർ റദ്ദാക്കി. പിന്നീട് പലതവണ പ്രവൃത്തി ടെൻഡർ ചെയ്തു. 14.02.2024 ന് അവസാന തീയതിയും 15.02.2024 ന് തുറക്കലും ഉള്ള ഇ-ടെൻഡറിംഗിൽ ഒറ്റ ബിഡ് ലഭിച്ചു. ഇത് TPAC യെക്കാൾ 39.65% (39.28% ആയി നെഗോഷ്യേറ്റ് ചെയ്തു) കൂടുതലായിരുന്നു. എന്നാൽ അത് പിന്നീട് റദ്ദാക്കി. പ്രോജക്റ്റ് എസ്റ്റിമേറ്റ് പുതുക്കി, കൊച്ചിയിലെ സെൻട്രൽ റീജിയണിലെ ചീഫ് എഞ്ചിനീയർ പുതിയ സാങ്കേതിക അനുമതി നൽകി. മൂവാറ്റുപുഴയിലെ പി.എച്ച്. സർക്കിളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ ആണ് പുതുക്കിയ എസ്റ്റിമേറ്റ് ടെൻഡർ ചെയ്തത്, എന്നാൽ ആരും പങ്കെടുക്കാത്തതിനാൽ അത് റദ്ദാക്കി. 18.09.2024 തീയതിയായി റീ-ടെൻഡർ നൽകി, നിരവധി തവണ നീട്ടിയിരുന്നു. മറുപടിയായി, ശ്രീ. കെ.ജെ.മണി, ബിഡ്ഡറിൽ നിന്ന് ഒരു ഓഫർ ലഭിച്ചു. വിശദാംശം താഴെ പറയുന്നു.

| Name & Address of the tenderer | TPAC in Rupees | Quoted amount in Rupees | Comparison with PAC in (%) |
|---|---|---|---|
| Sri. K.J.Mani, Koovelikalapurackal house, Vazhakulam P.O. Muvattupuzha, Ernakulam-686670 | 2,27,22,271/- | 3,15,74,268,18/- | 38.96% Above TPAC |

6) ഉയർന്ന ക്വാട്ട് തുക കുറയ്ക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ ബിഡ്ഡറോട് (through Contractor's Portal of PRICE 3.0) അഭ്യർത്ഥിച്ചിരുന്നു. ഉയർന്ന ക്വാട്ട് നിരക്ക് കുറയ്ക്കാൻ ബിഡ്ഡർ വിസമ്മതം അറിയിച്ചു. ജോലിയുടെ ഒരു പ്രധാന ഭാഗമായ DI, PVC പൈപ്പുകളുടെ നിരക്കുകൾ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റിനേക്കാൾ (DSR) 25 - 35% വരെ കൂടുതലാണെന്നും സിമന്റ്, സ്റ്റീൽ, അഗ്രഗേറ്റുകൾ തുടങ്ങിയ വസ്തുക്കളുടെ വിലയിലെ വർദ്ധനവും തൊഴിലാളി ക്ഷാമം മൂലം വർദ്ധിച്ചുവരുന്ന ലേബർ ചാർജ്ജുകളും സാമ്പത്തിക നിലനിൽപ്പിനെ ബാധിച്ചുവെന്നും ബിഡർ സൂചിപ്പിച്ചതായി അറിയിച്ചിട്ടുണ്ട്. നിലവിലുള്ള ജോലികൾക്കുള്ള പേയ്മെന്റുകൾ ലഭിക്കുന്നതിൽ കാലതാമസം, ഉയർന്ന പലിശ ചെലവ് എന്നിവ കാരണം സാമ്പത്തിക ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചുവെന്നും അവർ റിപ്പോർട്ട് ചെയ്തു. നിലവിലുള്ള വിപണി സാഹചര്യങ്ങളും സൈറ്റ് നിർദ്ദിഷ്ട വെല്ലുവിളികളും പരിഗണിച്ചാണ് ക്വാട്ട് നിരക്ക് നിശ്ചയിച്ചതെന്നും, കൂടുതൽ കുറവ് സാമ്പത്തിക നഷ്ടത്തിനും ഗുണനിലവാരത്തിൽ വിട്ടുവീഴ്ചയ്ക്കും സമയബന്ധിതമായ പൂർത്തീകരണത്തിനും കാരണമാകുമെന്നും അവർ കൂട്ടിച്ചേർത്തു. സിംഗിൾ ബിഡ്ഡറുടെ ഓരോ ക്വാട്ട് നിരക്കും അനുബന്ധ എസ്റ്റിമേറ്റ് നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ, 45 ഇനങ്ങളുടെ ക്വാട്ട് നിരക്ക് അനുബന്ധ ഇനങ്ങളുടെ ക്വാട്ട് നിരക്കിനേക്കാൾ 10% കൂടുതലാണ്, അതേസമയം 25 ഇനങ്ങളുടെ ക്വാട്ട് നിരക്ക് അനുബന്ധ ഇനങ്ങളുടെ ക്വാട്ട് നിരക്കിനേക്കാൾ 25% കൂടുതലാണ്.

7) 04.12.2024 -ന് ചീഫ് എഞ്ചിനീയറുടെ (സെൻട്രൽ റീജിയൻ) ഓഫീസിൽ ചേർന്ന ടെൻഡർ കമ്മിറ്റി ടെൻഡർ വിശദമായി വിലയിരുത്തുകയും താഴെപ്പറയുന്ന കാര്യങ്ങൾ നിരീക്ഷിക്കുകയും ചെയ്തു.

| Sl. No. | Description | Amount (Rs.) |
|---|---|---|
| 1 | LMR PAC corresponding to TPAC (Kanayannur & Aluva & Paravur Taluk, LMR as on : 18-11-2024) | 2,44,67,079.57/- (7.68% above TPAC) |
| 2 | Quoted Amount | 3,15,74,268.18/- (38.96% above TPAC) |
| 3 | Current SoR +10% | 2,49,94,497.84/- (10% above TPAC) |

8) നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം, മുകളിൽ പറഞ്ഞവയിൽ ഏറ്റവും കുറഞ്ഞ തുകയ്ക്ക്, അതായത് LMR PAC ആയ ₹ 2,44,67,079.57 /- രൂപയ്ക്ക് ടെൻഡർ അനുവദിക്കാനാകൂ.

9) മൂവാറ്റുപുഴ പി.എച്ച് സർക്കിളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ, സിംഗിൾ ബിഡ്ഡറായ ശ്രീ. കെ. ജെ. മണി കുവേലികലപുരക്കൽ വീട്, വാഴക്കുളം പി.ഒ, മൂവാറ്റുപുഴ, എറണാകുളം എന്നയാൾക്ക് ക്വാട്ട് ചെയ്ത തുകയ്ക്ക് അതായത് 3,15,74,268.18/- രൂപയ്ക്ക് (TPAC-യിൽ 38.96%) ടെൻഡർ അനുവദിക്കാൻ ശുപാർശ ചെയ്തിരുന്നു. ബിഡ്ഡർ ക്വാട്ട് ചെയ്ത തുക സെൻട്രൽ റീജിയണിലെ ചീഫ് എഞ്ചിനീയറുടെ അനുമതി അധികാരത്തിന് അപ്പുറമായതിനാൽ, അധികരിച്ച ദർഘാസ് തുക അംഗീകാരത്തിനായി കേരള സർക്കാരിന് ടെൻഡർ സമർപ്പിക്കാൻ ടെൻഡർ കമ്മിറ്റി തീരുമാനിച്ചു.

10) നിലവിലുള്ള ജോലികൾക്കുള്ള ചെലവ് വർദ്ധനവും പ്രവൃത്തിയുടെ തുക ലഭിക്കുന്നതിലുള്ള കാലതാമസവും സംബന്ധിച്ച കരാറുകാരന്റെ ആശങ്കകൾ ന്യായമാണെന്ന് മധ്യമേഖല ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു. ഈ പ്രവൃത്തി അനുവദിക്കേണ്ടതിനുള്ള അടിയന്തര സാഹചര്യം കണക്കിലെടുക്കുമ്പോൾ, ബദൽ ബിഡുകൾ ആകർഷിക്കുന്നതിനായി ആവർത്തിച്ചുള്ള ടെൻഡർ അല്ലെങ്കിൽ റീകാസ്റ്റ് ചെയ്യുന്നത് മികച്ച ഫലങ്ങൾ നൽകാൻ സാധ്യതയില്ലെന്നും കൂടാതെ പദ്ധതി പുരോഗതി വൈകിപ്പിക്കുമെന്നും കൂട്ടിച്ചേർത്തു. ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തീയാക്കുന്നതിനുവേണ്ടി സിംഗിൾ ബിഡർ ആയ ശ്രീ. കെ. ജെ. മണി ക്വാട്ട് ചെയ്ത

TPAC-യെക്കാൾ 38.96% അധികരിച്ച തുകയായ ₹3,15,74,268.18/- അംഗീകരിക്കാൻ ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചതായി മാനേജിംഗ് ഡയറക്ടർ കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

11) മലയാറ്റൂർ-നീലീശ്വരം, അയ്യമ്പുഴ പഞ്ചായത്തുകളിലേക്കുള്ള ജെജെഎം ജലവിതരണ പദ്ധതി (WSS) 6,414 കുടുംബങ്ങൾക്ക് പ്രയോജനപ്പെടുമെന്ന് ചീഫ് എഞ്ചിനീയർ (സിആർ) റിപ്പോർട്ട് ചെയ്തു. ഇൻടേക്ക്, അസംസ്കൃത ജല പമ്പിംഗ് മെയിൻ, ജലശുദ്ധീകരണ പ്ലാന്റ് എന്നിവയുൾപ്പെടെയുള്ള ഉൽപാദന ഘടകങ്ങൾ കിഫ്ബി ഫണ്ടിംഗ് പ്രകാരം പൂർത്തിയാക്കി, ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിനായി വൈദ്യുതി കണക്ഷൻ കാത്തിരിക്കുകയാണ്. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, റിസർവോയർ ജോലികൾ കിഫ്ബിക്ക് കീഴിൽ ടെൻഡർ ചെയ്ത് ടെൻഡർ അംഗീകാരത്തിനായി സമർപ്പിച്ചു. ഫങ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷനുകൾ (എഫ്എച്ച്ടിസി) ഉൾപ്പെടെയുള്ള വിതരണ ഘടകങ്ങൾ നിലവിൽ പുരോഗമിക്കുന്നു. നിർദ്ദിഷ്ട 6414 എഫ്എച്ച്ടിസികളിൽ 792 എഫ്എച്ച്ടിസികളും 30 ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷനുകളും (എച്ച്ടിസി) ഇതിനകം നൽകിയിട്ടുണ്ട്.

12) ഭേദഗതി ചെയ്ത ജെജെഎം മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ജെജെഎമ്മിന് കീഴിൽ അനുവദിച്ച എല്ലാ പദ്ധതികളും ചെലവോ സമയനഷ്ടമോ കൂടാതെ നടപ്പിലാക്കേണ്ടതാണ്. അംഗീകൃത ചെലവിനേക്കാൾ കൂടുതൽ ചെലവ് ഉണ്ടായാൽ, അത് ബന്ധപ്പെട്ട സംസ്ഥാനങ്ങളും നിയമസഭയുള്ള കേന്ദ്രഭരണ പ്രദേശങ്ങളും വഹിക്കേണ്ടിവരും, കൂടാതെ ജെജെഎമ്മിന് കീഴിൽ ലഭ്യമായ വിഭവങ്ങളിൽ നിന്ന് അധിക ചെലവുകൾ അനുവദിക്കില്ല. "ഒരു പ്രോജക്റ്റിനോ സ്കീമിനോ വേണ്ടിയുള്ള ടെൻഡർ ക്ഷണിച്ചതിന്റെ കണക്കാക്കിയ ചെലവിനേക്കാൾ അംഗീകൃത ചെലവ് കൂടുതലാണെങ്കിൽ, ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന ജല-ശുചിത്വ മിഷന്റെ അപെക്സ് കമ്മിറ്റിയുടെ തലവന്റെ അംഗീകാരം പ്രവൃത്തി നൽകുന്നതിന് മുമ്പ് എടുക്കേണ്ടതാണ്".

13) മേൽപ്പറഞ്ഞ വസ്തുതകളും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിന്റെ പ്രാധാന്യവും കണക്കിലെടുത്ത്, കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, ഏക ബിഡ്ഡറായ ശ്രീ. കെ. ജെ. മണി-യ്ക്ക് ₹ 3,15,74,268.18/- രൂപയ്ക്ക് പ്രവൃത്തി നൽകുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചു, ഇത് ടിപിഎസിയേക്കാൾ 38.96% കൂടുതലാണ്.

14) **ക്വാട്ട് ചെയ്ത തുകയുമായുള്ള താരതമ്യ പ്രസ്താവന.**

| **Quoted Amount Rs. 3,15,74,268.18/-/-** | | |
|---|---|---|
| | **Amount** | **Quoted amount Percentage above or below** |
| Tendered PAC | Rs.2,27,22,271/- | 38.96 % above |
| Current SoR+10% | Rs.2,49,94,497.84/- | 26.32 % above |
| Local Market Rate (LMR) | Rs.2,44,67,079.57/- | 29.04 % above |

15) ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

It is reported that the estimate was recasted and retendered and the single bid received in the 6th tender is submitted for approval. Since this is the 6th tender and considering the urgency of the work AD is informed that, if the contractor is unwilling to reduce the rate and AD feels that no better offer is expected even on recall of tenders, and considering the fact that the work is tendered 6 times and more than 2 years have elapsed after the first tender, along with critical requirement of implementing this project for the success of JJM project in the two panchayats as other connected works of the scheme is ongoing or started, AD is advised to submit the tender excess proposal of the work "Jal Jeevan Mission (JJM) - JJM WSS to Malayatoor - Neeleswaram & Ayyampuzha Panchayaths Laying 350mm and 200mm DI K9 pipe in Kadappara to Manappattuchira Sebiyoor road and Sebiyoor to Mundangamattom road - Pipeline Work", for a quoted PAC of Rs. 315.74 lakhs

which is 38.96% above estimate /tender PAC of 227.23 lakhs with overall excess of 88.52 lakhs (excluding GST), to the Council of Ministers for approval , along with valid justifications".

This has the approval of Hon'ble M(Fin).

16) ഫയൽ സമർപ്പിച്ചപ്പോൾ ബഹു.ജലവിഭവ വകുപ്പ് മന്ത്രി താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

അനവധി പ്രാവശ്യം ടെണ്ടർ ചെയ്യുകയും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് വീണ്ടും അനവധി തവണ ടെണ്ടർ ചെയ്ത കേസാണിത്. കൂടാതെ നിർമ്മിച്ചുവരുന്ന പ്ലാന്റിൽ നിന്നുള്ള ജലം ജനങ്ങൾക്ക് നൽകാൻ കഴിയാതെയും വരും. സ്ഥലത്തിന്റെ ദുർഘടസ്വഭാവവും അതോടൊപ്പം ഇതിൽ ഉപയോഗിക്കുന്ന പൈപ്പിന്റെ സർക്കാർ എസ്റ്റിമേറ്റും യഥാർത്ഥ മാർക്കറ്റ് റേറ്റുമായുള്ള വ്യത്യാസവും പ്രവൃത്തി സ്വീകരിക്കാൻ കോൺട്രാക്ടർമാർക്ക് വിമുഖത സൃഷ്ടിക്കുന്നുണ്ട്. ഈ കേസിലെ മറ്റൊരു പ്രധാനകാര്യം യഥാർത്ഥ മാർക്കറ്റ് റേറ്റിനേക്കാൾ ടോളറൻസ് ലിമിറ്റ് കൂടി നിൽക്കുന്നു എന്നതിൽ നിന്നും പ്രൈസ് സംവിധാനത്തിലെ സർക്കാർ എസ്റ്റിമേറ്റുകളുടെ അപ്രായോഗീകത വ്യക്തമാക്കുന്നു. കൂടാതെ ക്വാട്ടും, ടോളറൻസ് ലിമിറ്റുമായി ഏകദേശം 60 ലക്ഷം രൂപയുടെ വ്യത്യാസമേ വരുന്നുള്ളൂ. ഇനിയും ടെണ്ടർ ചെയ്യുന്നത് ചെലവ് വർദ്ധിപ്പിക്കുയുള്ളൂ എന്ന് കാണുന്നതിനാൽ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കുന്നതിന് ബഹു. മുഖ്യമന്ത്രി സദയം ഉത്തരവായാലും.

17) ടെൻഡറിന് അനുമതി നൽകുന്ന വിഷയം ക്യാമ്പിനറ്റിന് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

18) കരട് മന്ത്രിസഭാ കുറിപ്പ് സമർപ്പിച്ചപ്പോൾ, പ്രവൃത്തി അംഗീകരിക്കുന്ന കാര്യത്തിൽ ജൽ ജീവൻ മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാന ജല-ശുചിത്വമിഷന്റെ അപ്പെക്സ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് കമ്മിറ്റിയുടെ ശിപാർശ കൂടി ഉൾപ്പെടുത്തി മന്ത്രിസഭാകുറിപ്പ് പുതുക്കി സമർപ്പിക്കാൻ ചീഫ് സെക്രട്ടറി നിർദ്ദേശിക്കുകയുണ്ടായി.

19) വിഷയം 10th State Water and Sanitation Mission (SWSM) Apex Committee meeting-ൽ പരിഗണിക്കുകയും ചുവടെ ചേർക്കുന്ന തീരുമാനം കൈക്കൊള്ളുകയും ചെയ്തു .

"After detailed discussion, the 10th SWSM Apex committee meeting decided that since the Govt.of India has not officially communicated the extension of the JJM Mission Period and also not issued the new guidelines for JJM, the approval of new tenders can be kept in abeyance and can be considered after approval of the Mission period extension and issuance of new guidelines by GoI".

20) 24.06.2024 ലെ ഉത്തരവ് നമ്പർ W-11045/2/2024-JJM-II-DDWS പ്രകാരം 16.08.2024 ന് ശേഷം ഒരു പ്രവൃത്തിയും നൽകരുതെന്ന് ഇന്ത്യാ ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. ഈ നിയന്ത്രണം നീക്കം ചെയ്തില്ലെങ്കിൽ, പദ്ധതിക്കുള്ള JJM-ന്റെ സാമ്പത്തിക സഹായം ലഭ്യമാകില്ലെന്നും മുഴുവൻ ചെലവും സംസ്ഥാനം വഹിക്കേണ്ടിവരുന്നതാണ്. കൂടാതെ, 16.08.2024-ന് മുമ്പ് നൽകിയ ജോലിക്ക് കേന്ദ്ര സഹായം നൽകാൻ പോലും JJM-II-ന്റെ അംഗീകാര ഉത്തരവ് ഇതുവരെ ഇന്ത്യാ ഗവൺമെന്റിൽ നിന്ന് ലഭിച്ചിട്ടില്ല.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച Jal Jeevan Mission (JJM) WSS to Malayatoor - Neeleswaram & Ayyampuzha Panchayaths - Laying 350mm and 200mm DI K9 pipe in Kadappara to Manappattuchira Sebiyoor road and Sebiyoor to Mundangamattom road - Pipeline Work എന്ന പ്രവർത്തി സിംഗിൾ ബിഡ്ഡർ ആയ ശ്രീ. കെ.ജെ.മണി,

കുവേലിക്കലപ്പുരയ്ക്കൽ വീട്, വാഴക്കുളം പി.ഒ. മൂവാറ്റുപുഴ, എറണാകുളം- 686670-ന് അവർ ക്വാട്ട് ചെയ്ത TPAC-യെക്കാൾ 38.96% ഉയർന്ന തുകയായ 3,15,74,268.18/- രൂപയ്ക്ക് അനുവദിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകാമോ? എങ്കിൽ കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കാത്ത പക്ഷം സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും ചിലവ് വഹിക്കാമോ?